കേന്ദ്ര ഗവൺമെന്റ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും നൽകൽ (പൊതു ഗ്രന്ഥശാലകൾ) ആക്റ്റ്, 1954

(1954-ലെ 27-ാം നമ്പർ ആക്റ്റ്)

വില

ഇന്ത്യൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1991

കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും നൽകൽ (പൊതു ഗ്രന്ഥശാലകൾ) ആക്റ്റ്, 1954

(1954-ലെ 27-ാം നമ്പർ ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1981

# പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും നല്കൽ (പൊതു ഗ്രന്ഥശാലകൾ) ആക്റ്റ്, 1954.

(1954 ലെ 27-ാം നമ്പർ ആക്റ്റ്)

[1954 മേയ്, 20]

ദേശീയ ഗ്രന്ഥശാലയ്ക്കും മററു പൊതു ഗ്രന്ഥശാലകൾക്കും പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും നല്കാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ആക്റ്റ്.

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അഞ്ചാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും.— (1) ഈ ആക്റ്റിന്, പുസ്തകങ്ങളും വർത്തമാനപ്പത്രങ്ങളും നല്കൽ (പൊതുഗ്രന്ഥശാലകൾ) ആക്റ്റ്, 1954 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

2. നിർവ്വചനം.—ഈ ആക്റ്റിൽ, സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "പുസ്തക"ത്തിൽ ഏതു ഭാഷയിലുമുള്ള ഏതൊരു വാല്യവും, വാല്യത്തിന്റെ ഭാഗവും അല്ലെങ്കിൽ വിഭാഗവും ലഘുലേഖയും കൂടാതെ, വേറിട്ട് അച്ചടിച്ചതോ ലിത്തോഗ്രാഫ് ചെയ്തതോ ആയ ഏതൊരു അംഗീകൃത ചിത്രവും, ഭൂപടവും, ചാർട്ടും അല്ലെങ്കിൽ പ്ലാനും ഉൾപ്പെടുന്നതും, എന്നാൽ പ്രസ്സും പുസ്തകങ്ങളും രജിസ്ട്രേഷൻ ആക്റ്റ്, 1867 (1867-ലെ 25) ലെ 5-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് അനുരൂപമായി, പ്രസിദ്ധപ്പെടുത്തുന്ന വർത്തമാനപ്പത്രം ഉൾപ്പെടുന്നതല്ലാത്തതും,

(കക) "വർത്തമാനപ്പത്ര"ത്തിന് പ്രസ്സും പുസ്തകങ്ങളുടെ രജിസ്ട്രേഷനും ആക്റ്റ്, 1867 (1867-ലെ 25)-ലെ, 5-ാം വകുപ്പിലെ വ്യവസ്ഥകൾക്കനുരൂപമായി, പ്രസിദ്ധപ്പെടുത്തുന്നതും, പൊതു വാർത്തകളേ പൊതുവാർത്തകളെക്കുറിച്ചുള്ള വിമർശനങ്ങളോ അടങ്ങുന്നതുമായ ഏതെങ്കിലു അച്ചടിച്ച ആനുകാലികകൃതി എന്നർത്ഥമാകുന്നതും ;

(ഖ) "പൊതു ഗ്രന്ഥശാലകൾ", എന്നാൽ കൽക്കട്ടയിലെ ദേശീയ ഗ്രന്ഥശാലയും കേന്ദ്രഗവൺമെന്റ്, ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, വിനിർദ്ദേശിക്കുന്ന മറേറതെങ്കിലും മൂന്നു ഗ്രന്ഥശാലകളും എന്നും അർത്ഥമാകുന്നതും,

ആകുന്നു.

3. പൊതുഗ്രന്ഥശാലകൾക്ക് പുസ്തകങ്ങൾ നല്കൽ.— (1) ഈ ആക്റ്റിൻകീഴിലുണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കുവിധേയമായും, എന്നാൽ പ്രസ്സും പുസ്തകങ്ങൾ രജിസ്ട്രേഷനും ആക്റ്റ്,1867 (1867-ലെ 25)-ലെ 9-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധവും, ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ ഈ ആക്റ്റിന്റെ പ്രാരംഭ

ത്തിനുശേഷം പ്രസിദ്ധപ്പെടുത്തുന്ന ഏതൊരു പുസ്തകത്തിന്റേയും പ്രസാധകൻ, വിപരീതമായ ഏതെങ്കിലും കരാർ ഉണ്ടെന്നിരുന്നാലും, പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തീയതി മുതൽ മുപ്പതു ദിവസത്തിനുള്ളിൽ, അതിന്റെ ഒരു പ്രതി, കൽക്കട്ടയിലെ ദേശീയ ഗ്രന്ഥശാലയ്ക്കും, അങ്ങനെയുള്ള ഓരോ പ്രതി മററു മൂന്നു പൊതു ഗ്രന്ഥശാലകളിൽ ഓരോന്നിനും സ്വന്തം ചെലവിൽ നല്കേണ്ടതാകുന്നു.

(2) ദേശീയ ഗ്രന്ഥശാലയ്ക്കു നല്കുന്ന പ്രതി, പുസ്തകത്തിന്റേതായ എല്ലാ ഭൂപടങ്ങളും ദൃഷ്ടാന്ത ചിത്രങ്ങളും സഹിതമുള്ളതും, അതിന്റെ ഏററവും നല്ല പ്രതികളു ട അതേ രീതിയിൽ മിനുക്കുപണി ചെയ്തതും നിറംകൊടുത്തതുമായ മുഴുവൻപുസ്തകത്തിന്റെയും പ്രതിയായിരിക്കേണ്ടതും അതു ബൈൻഡ് ചെയ്തതോ തുന്നികൂട്ടിയതോ ആയിരിക്കേണ്ടതും, ആ പുസ്തകത്തിന്റെ ഏതു പ്രതിയിലും വച്ച് ഏററവും നല്ല കടലാസിൽ അച്ചടിച്ച പ്രതി അച്ചടിച്ച കടലാസിൽ ഉള്ളതായിരിക്കേണ്ടതുമാകുന്നു.

(3) മറേറതെങ്കിലും പൊതു ഗ്രന്ഥശാലയ്ക്കു നല്കുന്ന പ്രതി ആ പുസ്തകത്തിന്റെ ഏററവും കൂടുതൽ പ്രതികൾ വില്പനയ്ക്ക് അച്ചടിച്ചത് ഏതു കടലാസിലാണോ, ആ കടലാസിലുള്ളതായിരിക്കേണ്ടതും വില്പനയ്ക്കു തയ്യാറാക്കിയ പുസ്തകങ്ങളുടെ സദൃശസ്ഥിതിയിലുള്ളതായിരിക്കേണ്ടതുമാകുന്നു.

(4) (1)-ാം ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, ഏതു പുസ്തകത്തിന്റേതാണോ ഒന്നാം പതിപ്പോ മുൻപിലത്തെ വല്ല പതിപ്പുമോ ഈ ആക്ററിൻ കീഴിൽ നല്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഒരു പുസ്തകത്തിന്റെ ഏത് രണ്ടാം പതിപ്പിലോ പിന്നീടുള്ള പതിപ്പിലോ ആണ് പുസ്തകത്തിന്റേതായ ലെററർ പ്രസ്സിലോ, ഭൂപടങ്ങളിലോ, ബുക്ക് പ്രിൻറുകളിലോ, മററു തക്ഷണങ്ങളിലോ യാതൊന്നും കൂട്ടിച്ചേർക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്തിട്ടില്ലാത്തത് അങ്ങനെയുള്ള രണ്ടാം പതിപ്പിനോ പിന്നീടുള്ള പതിപ്പിനോ ബാധകമായിരിക്കുന്നതല്ല.

3ക. പൊതു ഗ്രന്ഥശാലകൾക്ക് വർത്തമാനപ്പത്രങ്ങൾ നല്കൽ.—ഈ ആക്ററിൻ കീഴിലുണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്കു വിധേയമായും, എന്നാൽ പ്രസ്സും പുസ്തകങ്ങളും രജിസ്ട്രേഷൻ ആക്ററ്, 1867 (1867-ലെ 25)-ൽ അടങ്ങിയ വ്യവസ്ഥകൾക്കു ഭംഗം വരാത്തവിധവും, ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്ന ഏതൊരു വർത്തമാനപ്പത്രത്തിന്റേയും പ്രസാധകൻ, അങ്ങനെയുള്ള വർത്തമാനപ്പത്രത്തിന്റെ ഓരോ ലക്കത്തിന്റേയും ഒരു പ്രതി ഔദ്യോഗിക ഗസററിൽ കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിജ്ഞാപനം ചെയ്യുന്ന ഓരോ പൊതു ഗ്രന്ഥശാലയ്ക്കു തന്റെ സ്വന്തം ചെലവിൽ നല്കേണ്ടതാകുന്നു.

4. നല്കപ്പെടുന്ന പുസ്തകങ്ങൾക്കുള്ള രസീത് — 3-ാം വകുപ്പിൻ കീഴിൽ പുസ്തകത്തിന്റെ ഒരു പ്രതി നല്കപ്പെടുന്ന പൊതു ഗ്രന്ഥശാലയുടെ ചാർജ്ജുള്ള ആൾ (അയാൾക്ക് ലൈബ്രേറിയൻ എന്നോ മറേറതെങ്കിലുമോ പേർ പറയപ്പെട്ടാലും), അല്ലെങ്കിൽ ഇതിലേക്ക് പ്രാധികാരപ്പെടുത്തുന്ന മറേറതെങ്കിലും ആൾ അതിലേക്കു പ്രസാധകന് ലിഖിതമായ രസീത് കൊടുക്കേണ്ടതാകുന്നു.

5. ദണ്ഡനം.— ഈ ആക്ററിലേയോ, അതിൻ കീഴിലുണ്ടാക്കുന്ന ഏതെങ്കിലും ചട്ടത്തിലേയോ ഏതെങ്കിലും വ്യവസ്ഥകൾ ഉല്ലംഘിക്കുന്ന ഏതെങ്കിലും പ്രസാധകൻ, അമ്പതു രൂപയോളമാകാവുന്ന പിഴ നല്കി ശിക്ഷിക്കപ്പെടുന്നതും, ഉല്ലംഘനം പുസ്തകം സംബന്ധിച്ചുള്ളതാണെങ്കിൽ, പുസ്ത

നല്കി ശിക്ഷിക്കപ്പെടുന്നതും കൂടി
കത്തിന്റെ മൂല്യത്തിനു തുല്യമായ പിഴ, അയാളിൽ നിന്ന്
യായിരിക്കുന്നതും, കുററം വിചാരണ ചെയ്യുന്ന കോടതിക്ക്, അതത് സംഗതി
വസൂലാക്കപ്പെടുന്ന പിഴ മുഴുവനുമോ, അതിന്റെ ഭാഗമോ, പൊതു
പോലെ, പുസ്തകമോ വർത്തമാനപ്പത്രമോ നല്കപ്പെടേണ്ടിയിരുന്ന നിർദ്ദേശി
ഗ്രന്ഥശാലയ്ക്ക് നഷ്ടപരിഹാരമായി കൊടുക്കേണ്ടതാണെന്ന്
ക്കാവുന്നതുമാണ്.

6. <u>കുററങ്ങൾ നടപടിക്കെടുക്കൽ</u>.—(1) കേന്ദ്രഗവൺമെൻറ് ഇതിലേക്ക്
സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി അധികാരപ്പെടുത്തുന്ന ഉദ്യോഗ
സ്ഥൻ നല്കുന്ന പരാതിയിൻമേലല്ലാതെ, യാതൊരു കോടതിയും ഈ ആ
ക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം നടപടിക്കെടുക്കാൻ
പാടുള്ളതല്ല.

(2) പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ് മജിസ്ട്രേ
ററിൻേറയോ കോടതിക്കു താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിൻ
കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ള
തല്ല.

7. <u>ഗവൺമെൻറു പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾക്കും വർത്തമാന
പ്പത്രങ്ങൾക്കും ഈ ആക്ററിന്റെ ബാധകത</u>.— ഈ ആക്ററ്, ഗവൺമെൻറി
നാലോ ഗവൺമെൻറിന്റെ പ്രാധികാരത്തിൻ കീഴിലോ പ്രസിദ്ധപ്പെടുത്തുന്ന
പുസ്തകങ്ങൾക്കും വർത്തമാനപ്പത്രങ്ങൾക്കുംകൂടി ബാധകമായിരിക്കുന്നതും,
എന്നാൽ ഔദ്യോഗികോപയോഗത്തിനുമാത്രം ഉദ്ദേശിക്കപ്പെട്ട പുസ്തക
ങ്ങൾക്ക് ബാധകമായിരിക്കുന്നതല്ലാത്തതുമാകുന്നു.

8. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.— ഈ ആക്ററിന്റെ ഉദ്ദേശ്യ
ങ്ങൾ നടപ്പാക്കുന്നതിനായി കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ
വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.